പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 404 — 29.06. 2016 ൽ മറുപടിക്ക്

## മസ്ദൂർ തസ്തികയിലെ ഒഴിവുകൾ

**ചോദ്യം**

ശ്രീ. ആർ.രാമചന്ദ്രൻ

**ഉത്തരം**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കൊല്ലം ജില്ലയിൽ വിവിധ സെക്ഷനുകളിലായി മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുണ്ടെന്ന് വ്യക്തമാക്കുമോ; അതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) നിലവിൽ ഒഴിവുകളില്ല. |
| (ബി) നിലവിൽ 25000 ലധികം ഉപഭോക്താക്കളുള്ള സെക്ഷനുകൾ വിഭജിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;<br><br>(സി) ഇത്തരത്തിൽ സെക്ഷനുകളെ വിഭജിച്ച് ജീവനക്കാരുടെ അധിക ജോലിഭാരം കുറച്ച് മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി)&(സി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000 ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000 ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിൽ ബോർഡ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കാറുണ്ട്. മേൽ മാനദണ്ഡത്തിൽ ഉൾപ്പെടുന്ന പക്ഷം സെക്ഷൻ ഓഫീസുകളെ വിഭജിക്കുന്ന വിഷയം പരിഗണനാർഹമാണ്. |

സെക്ഷൻ ഓഫീസർ